'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഴയന്നൂർ ഗ്രാമപഞ്ചായത്ത് - പഴയന്നൂർ ടൗണിൽ CCTV ക്യാമറ സ്ഥാപിക്കുന്ന പ്രോജക്ട് നടപ്പിലാക്കൽ- തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ വകുപ്പ്**

**സ.ഉ.(സാധാ) നം.1695/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 07/08/2019

പരാമർശം:- 1 പഴയന്നൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 20.10.2019 ലെ 21/3 നമ്പർ തീരുമാനം.

2 തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.06.2019 ലെ കത്ത്.

3 20.06.2019 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം ഇനം നമ്പർ 4.8.

**ഉത്തരവ്**

പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ പഴയന്നൂർ ടൗണിൽ മാലിന്യ പ്രശ്നം ഒഴിവാക്കുന്നതിനും സ്ത്രീ സുരക്ഷയുമായി 17 CC TVക്യാമറ സ്ഥാപിക്കാൻ കഴിഞ്ഞ വർഷം 26,00,000/- രൂപ അടങ്കൽ തുകയ്ക്ക് പ്രോജക്ട് (പ്രോ.നം.17/19) തയ്യാറാക്കിയിരുന്നു. ഈ പ്രോജക്റ്റിന്റെ തുക 12.5 ശതമാനം സെന്റേജോട്ടു കൂടി PWD ഇലക്ട്രോണിക് വിഭാഗത്തിനു തനത് ഫണ്ടിൽ നിന്നും ഡെപ്പോസിറ്റ് ചെയ്ത് പ്രോജക്ട് നടപ്പാക്കാൻ അനുമതി പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഇത് സംബന്ധിച്ച് 2019-20 അന്തിമ പദ്ധതിയിൽ ഈ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ സെന്റേജ് തുക (ശതമാനം) വകുപ്പിന്റെ നിരക്ക തന്നെ ആയിരിക്കണമെന്ന നിബന്ധനയോടെ നടപ്പാക്കാൻ പരാമർശം 3 ലെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJEEVE C R

**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.

ജില്ലാ പ്ലാനിംഗ് ഓഫീസർ, തൃശ്ശൂർ

പ്രസിഡന്റ്/സെക്രട്ടറി, പഴയന്നൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ - 680587.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ